# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1332 — 03.12.15 ൽ - മറുപടിക്ക്

## കൊല്ലം ജില്ലയിലെ പുതിയ റേഷൻ കാർഡ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി.എസ്. ജയലാൽ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | കൊല്ലം ജില്ലയിൽ പുതിയ റേഷൻ കാർഡ് വിതരണം ആരംഭിച്ചുവോ; പ്രസ്തുത കാർഡ് വിതരണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും, നിലവിലുള്ള പുരോഗതിയും, സമയ ക്രമവും എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ഇല്ല. പുതിയ കാർഡുകൾ 31.03.2016-ന് മുമ്പായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുകയും, ടി ഡാറ്റാ എൻട്രിയിലെ തെറ്റുകൾ തിരുത്തി റാങ്കിംഗിനായി തയ്യാറാക്കുകയും ചെയ്യുന്ന പ്രക്രിയ നടന്നു വരുന്നു. ആയതിന് ശേഷം കരട് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് സോഷ്യൽ ആഡിറ്റിംഗ് നടത്തി പരാതിയും ആക്ഷേപങ്ങളും പരിഹരിച്ച് അന്തിമ റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകുന്നതാണ്. |
| (ബി) | പുതിയ റേഷൻകാർഡ് നൽകുമ്പോൾ ഗുണഭോക്താക്കൾ സ്വയം രേഖപ്പെടുത്തിയ വിവരങ്ങൾ വിശ്വാസത്തിലെടുത്ത് കൊണ്ട് ആയത് റേഷൻ കാർഡിൽ ഉൾപ്പെടുത്തുവാനാണോ ഉദ്ദേശിക്കുന്നത്; എങ്കിൽ ഇതിന്മേൽ ഏതെങ്കിലും ഏജൻസിയെ കൊണ്ട് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | അപേക്ഷയോടൊപ്പം ലഭിക്കുന്ന വിവരങ്ങൾ സമഗ്രമായ ഒരു സോഷ്യൽ ഓഡിറ്റിംഗ് പ്രക്രിയയിലൂടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ രൂപപ്പെടുത്തി റേഷൻ കാർഡ് നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| (സി) | റേഷൻകാർഡിൽ പേര് ഉൾപ്പെടുത്തുവാൻ കഴിയാത്തവർക്ക് പുതിയ റേഷൻകാർഡ് വിതരണം നടത്തുന്നതിന് മുൻപ് ആയത് ഉൾപ്പെടുത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം ജില്ലാ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | 01.01.2015-ന് 2 വയസ്സ് തികയുന്ന കുട്ടിയുടെ പേര് പുതിയ കാർഡുകളിൽ ചേർക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സറണ്ടർ സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ കൈവശമുള്ളവർക്ക് പുതിയ റേഷൻ കാർഡിന്റെ വിതരണം കഴിഞ്ഞിട്ട് പേരുകൾ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Thulasi

*സെക്ഷൻ ഓഫീസർ*